പണിയിച്ചു കൊടുക്കണമെന്ന കാണിച്ചു ഗവണ്മെൻറിന് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ :

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികളാണ് ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ളതു് ?

ഉത്തരം.

(എ) പെരുമാടി പഞ്ചായത്തു പ്രസിഡൻറും, മെമ്പറന്മാരും ചേർന്ന് മീനാക്ഷിപുരത്തെ ഭവനരഹിതരായ സാധുജനങ്ങൾക്കു് വീടുണ്ടാക്കിക്കൊടുക്കണമെന്നു് അപേക്ഷിച്ചുകൊണ്ടു് അയച്ചിട്ടുള്ള ഒരു മെമ്മോറാണ്ടം ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടു്.

(ബി) ഇതിലേയ്ക്കു വേണ്ടി കൂടുതൽ അന്വേഷണങ്ങൾ നടത്തുന്നതിനു് പര്യാപ്തമായ ചില വിവരങ്ങൾ അറിയിക്കണമെന്നു പെരുമാടി പഞ്ചായത്തു പ്രസിഡൻറിനോടു ആവശ്യപ്പെട്ടിട്ടുണ്ടു്. പഞ്ചായത്തു പ്രസിഡൻറിൻറെ മറുപടി കിട്ടിയശേഷം മേൽനടപടി നടത്തുന്നതാണു്.

എറണാകുളം ആശുപത്രി.

238. [11] ശ്രീ. ടി. ഒ. ബാവാ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

എറണാകുളം ഡിസ്ട്രിക്ട് ആശുപത്രിയിൽ ഈ സാമ്പത്തിക വർഷത്തിൽ എപ്പോഴെങ്കിലും ഫിലിം ഇല്ലാതായിട്ടുണ്ടോ ?

ഉത്തരം.

ഉണ്ടു്.

Loans to Co-operative Societies.

239 [12] SHRI A. A. D. LUIZ : Will the Minister for Local self Government be pleased to state:

(*a*) whether any request was received from the Vengola Co-operative Society No: 5 for loans under the Housing and Colonisation Scheme;

(*b*) if any amount has been given, the details?

Answer.

(*a*) Yes.

(*b*) No amount has been given. Proposals regarding the grant and loans to colonies are under consideration.

LIBRARY ARCHIVES Kerala Legislative Assembly